## ജില്ലാതലത്തിൽ ഹരിത കേരള മിഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എടുക്കേണ്ട നടപടി ക്രമങ്ങൾ

1. ജില്ലാ തലത്തിൽ ഹരിത കേരള മിഷന്റെ ആദ്യയോഗം 29-നാണ് കൂടേണ്ടത്. (നേരത്തെ 28 എന്ന് മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചിരുന്നത്, അന്നേ ദിവസത്തെ പ്രക്ഷോഭ പരിപാടിയുടെ പശ്ചാത്തലത്തിൽ മാറ്റിവയ്ക്കണം)
2. 29-ന് കൂടുന്ന ജില്ലാ മിഷന്റെ ആദ്യ യോഗത്തിൽ മുഖ്യമന്ത്രി വീഡിയോ കോൺഫറൻസിംഗ് വഴി 11 മണിക്ക് പങ്കെടുക്കുന്നതാണ്.
3. ഈ യോഗത്തിൽ വച്ച് എട്ടാം തീയതി ഓരോ തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തും ഏറ്റെടുക്കാൻ കഴിയുന്ന ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കണ്ടെത്താനും, ആ ദിവസത്തെ പരിപാടിയിൽ പങ്കെടുക്കേണ്ട പ്രമുഖരുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും നടപടികൾ എടുക്കേണ്ടതാണ്.
4. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇതിലേക്കായി ഒരു പ്രത്യേക ഭരണസമിതിയോഗം 28-ാം തീയതി തുടങ്ങുന്ന ആഴ്ചയിൽ തന്നെ ചേരേണ്ടതുണ്ട്. (ഇതിനകം ചേർന്നിട്ടില്ലെങ്കിൽ)
5. ഹരിതകേരള മിഷന്റെ ആഭിമുഖ്യത്തിൽ മൂന്നു പ്രധാന പ്രവർത്തനങ്ങളാണ് എട്ടാം തീയതി തുടക്കം കുറിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

a. <u>ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ</u> - താഴെ പറയുന്ന ഏഴ് പ്രധാന മേഖലകളിൽ ഊന്നി നിന്നാണ് ജില്ലാമിഷൻറെ ചർച്ചകൾ ഏകോപിപ്പിക്കേണ്ടത്.

1. നിലവിൽ ജലം ശേഖരിച്ചിട്ടുള്ള ജലസ്രോതസ്സുകൾ വെള്ളം വാർത്തു കളഞ്ഞ് വൃത്തിയാക്കുന്ന പ്രവർത്തനങ്ങൾ ഒരു കാരണവശാലും ഏറ്റെടുക്കരുത്.
2. പൊതുകിണറുകൾ ഉൾപ്പെടെ, ഇപ്പോൾ തന്നെ വറ്റിപ്പോയതോ വറ്റാറായതോ ആയ ജലസ്രോതസ്സുകൾ സമഗ്രമായി വൃത്തിയാക്കി അടുത്ത മഴസമയങ്ങളിൽ ഫലപ്രദമായ ജലസംഭരണികളെന്ന നിലയിൽ പ്രവർത്തന ക്ഷമമാക്കുന്ന പ്രവൃത്തികൾക്കാണ് മുൻതൂക്കം നൽകേണ്ടത്.
3. ഇത്തരം ജലസ്രോതസ്സുകളിൽ കാലാകാലങ്ങളായി ഏതു രീതിയിലാണ് ജലം ശേഖരിച്ചു വന്നിരുന്നതെന്നും ഈ ജലനിർഗ്ഗമന മാർഗ്ഗങ്ങളിൽ തടസ്സങ്ങൾ

നേരിട്ടിട്ടുണ്ടോ എന്നും ആയത് ഒഴിവാക്കി ഭാവിയിൽ ഉപയോഗപ്രദമായ ജലസംഭരണികളാക്കി നിലനിർത്തേണ്ടതെങ്ങനെ യെന്നും പരിശോധിച്ചായിരിക്കണം ഇത്തരം പ്രവൃത്തികൾ ആസൂത്രണം ചെയ്യേണ്ടത്.

4. കൂടാതെ നിലവിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂര മഴവെള്ള സംഭരണികൾ പ്രവർത്തന ക്ഷമമാക്കേണ്ടതിന് ആവശ്യമായ നടപടികളും ഏറ്റെടുക്കേണ്ടതുണ്ട്. സ്കൂളുകളിലും ഓഫീസുകളിലും പ്രവർത്തനരഹിതമായി കിടക്കുന്ന മേൽക്കൂര മഴവെള്ള സംഭരണികൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന ക്ഷമമാക്കാനാണ് മുൻഗണന നൽകേണ്ടത്.

5. ഇടത്തരം കൈത്തോടുകളും കൈയാണികളും ജലവിഭവ വകുപ്പിന്റെ കനാലുകളും ശുചീകരിച്ച് നിരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഈ ഘട്ടത്തിൽ ഏറ്റെടുക്കേണ്ടതാണ്.

   മഴവെള്ളം മണ്ണിലേക്ക് കിനിഞ്ഞിറങ്ങുന്നതിനും വെള്ളപ്പാച്ചിൽ തടയുന്നതിനും കിണറുകളിലേയും മറ്റും ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും മഴക്കുഴികൾ ശാസ്ത്രീയമായി നിർമ്മിക്കേണ്ടതും ആയതിന് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ വ്യാപകമായി ഏകോപിപ്പിച്ച് നടപ്പാക്കേണ്ടതുണ്ട്. ഇതോടൊപ്പം താൽക്കാലിക കയ്യാലകളുടെ അറ്റകുറ്റപ്പണികളും പ്രാദേശികമായി ചെയ്തു വന്നിരുന്ന രീതിയിലുള്ള ജൈവബണ്ടുകളുടെ നിർമ്മാണവും ഏറ്റെടുക്കേണ്ടതുണ്ട്.

6. താൽക്കാലിക തടയണകൾ നിർമ്മിക്കുന്നതോടൊപ്പം ജലസ്രോതസ്സുകളിൽ അടിഞ്ഞു കൂടിയിരിക്കുന്ന പായൽ, പ്ലാസ്റ്റിക് തുടങ്ങിയ മാലിന്യങ്ങൾ വാരിമാറ്റി വൃത്തിയാക്കുന്ന പ്രവർത്തനങ്ങളും അഭികാമ്യമാണ്. മണ്ണ് സംരക്ഷണം ഉൾപ്പെടെയുള്ള നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളുടെ ഊന്നൽ ഭൂഗർഭ ജലവിതാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന രീതിയിലായിരിക്കണം.

7. മേൽ വിവരിച്ച പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുമായും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായും ബന്ധപ്പെടുത്തിയാണ് ആസൂത്രണം ചെയ്യേണ്ടത്.

b. <u>പരിസര ശുചിത്വം</u>, <u>മാലിന്യ സംസ്കരണം എന്നിവ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ</u>

1 ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിധിയിലും വഴിയോരങ്ങളിൽ മാലിന്യം കാലാകാലങ്ങളിലായി നിക്ഷേപിച്ച് വന്നതിന്റെ ഫലമായി രൂപപ്പെട്ട വഴിയോര മാലിന്യ കൂമ്പാരങ്ങൾ നീക്കം ചെയ്ത് പ്രസ്തുത സ്ഥലങ്ങൾ ശുചിയാക്കി സൗന്ദര്യവൽക്കരിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ഇതിനായി

വിശദമായ മാർഗ്ഗരേഖ ശുചിത്വ മിഷൻ നൽകുന്നതാണ്. ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലും കുറഞ്ഞത് ഇത്തരം 10 കേന്ദ്രങ്ങളെങ്കിലും ഈ രീതിയിലുള്ള ഇടപെടലിലൂടെ ശുചീകരിക്കേണ്ടതാണ്.

2. വീട്ടുകൾ, ഹോട്ടലുകൾ, അറവു ശാലകൾ, കല്യാണ മണ്ഡപങ്ങൾ, ആശുപത്രികൾ, വ്യാപാര കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നിയമപരമായി നിർബന്ധമാക്കിക്കഴിഞ്ഞ ഉറവിട മാലിന്യ വേർതിരിക്കൽ സംവിധാനങ്ങൾ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയും ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ആവശ്യമായ നടപടികളുടെ തുടക്കം ഈ അവസരത്തിൽ കുറിക്കേണ്ടതുമുണ്ട്. അജൈവ മാലിന്യങ്ങൾ പുനരുപയോഗിക്കുന്നതിനും പുനഃചംക്രമണം നടത്തുന്നതിനും മാത്രമല്ല അവയുടെ അളവ് കുറയ്ക്കുന്നതിനുള്ള ശ്രമങ്ങളും ആരംഭിക്കേണ്ടതുണ്ട്.

3. മേൽ പ്രവർത്തനം പൂർത്തിയാക്കിയ ശേഷം കേരളം മുഴുവനും ഒരു ദിവസം മാലിന്യ സംസ്കരണ സമൂഹ പ്രതിജ്ഞ എടുക്കേണ്ടതും ആ ദിവസം തന്നെ പ്ലാസ്റ്റിക് ഉപയോഗം പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഒരു പ്ലാസ്റ്റിക് ഹർത്താൽ ആചരിച്ച് വീട്ടുകളിലും മറ്റുമുള്ള പ്ലാസ്റ്റിക് സാമഗ്രികൾ ശേഖരിച്ച് ശുചിത്വ മിഷനെ ഏൽപ്പിക്കേണ്ടതുമാണ്.

c. <u>കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ചെയ്യേണ്ട മുൻഗണനാ പ്രവർത്തനങ്ങൾ</u>

1. ഈ വർഷത്തെ ഓണത്തിന് പച്ചക്കറി മേഖലയിൽ സ്വയംപര്യാപ്തതയ്ക്ക് അടുത്തെത്താൻ നമുക്ക് കഴിഞ്ഞു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. ഇതു സൂചിപ്പിക്കുന്നത് കേരളത്തിൽ ജൈവപച്ചക്കറികൾ ഉല്പാദിപ്പിക്കാൻ തയ്യാറായ ഒരു കർഷക സമൂഹവും അവശ്യം വേണ്ട പിന്തുണാ സംവിധാനങ്ങളുടെ ഏകോപനവും സാധ്യമാണ് എന്നതാണ്. ഈ സാഹചര്യം സ്ഥായിയായ ഒരു അവസ്ഥാ വിശേഷമായി നിലനിർത്താനുള്ള പ്രവർത്തനങ്ങൾക്കാണ് ഇനി ഊന്നൽ നൽകേണ്ടത്.

2. ഇതിലേക്കായി 52 ആഴ്ചകളിലേക്കും കേരളത്തിനാവശ്യമായ അത്യാവശ്യ പച്ചക്കറി ഇനങ്ങളുടെ വിളവെടുപ്പ് ഉറപ്പു വരുത്തുന്ന രീതിയിൽ ഒരു പച്ചക്കറി ഉല്പാദന കലണ്ടർ തയ്യാറാക്കേണ്ടതുണ്ട്. പ്രാദേശിക തലത്തിൽ ഇതിലേക്കായി താല്പര്യമുള്ള കർഷകരെയും ഗ്രൂപ്പുകളെയും കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും സജ്ജരാക്കുന്നതോടൊപ്പം ഇതിനാവശ്യമായ ഭൂമി ലഭ്യതയും പച്ചക്കറി വിത്തുകൾ, സാങ്കേതിക പിന്തുണാ സംവിധാനം എന്നിവ ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്.

3. പ്രാദേശിക തലത്തിലെ കൃഷിവകുപ്പ് ഓഫീസുമായി ബന്ധപ്പെട്ടാകണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്. ഇതിനായി അടിയന്തരമായി പഞ്ചായത്തുതല മിഷൻ യോഗം ചേർന്ന് രൂപരേഖ തയ്യാറാക്കേണ്ടതും ജില്ല-സംസ്ഥാനതല ക്രോഡീകരണ പ്രക്രിയ വഴി ജനുവരി ഒന്നു മുതൽ പച്ചക്കറി കലണ്ടർ പ്രവൃത്തി പഥത്തിൽ കൊണ്ടുവരേണ്ടതുമാണ്.

4. ഓരോ തദ്ദേശ ഭരണ പ്രദേശങ്ങളിലുള്ള തരിശു ഭൂമിയുടെ ഫലപ്രദമായ വിനിയോഗം കാർഷിക വൃത്തിക്കായി ഒരുക്കുന്നതിനാവശ്യമായ നടപടികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒറ്റത്തവണ ഇടപെടലായി ഇത്തരം തരിശു ഭൂമികളെ കാർഷിക വൃത്തിക്ക് തയ്യാറാക്കാൻ വ്യക്തമായ പദ്ധതി തയ്യാറാക്കുകയും അംഗീകാരം നേടുകയും ചെയ്യേണ്ടതുണ്ട്. ഡിസംബർ മാസം കൊണ്ട് ഈ പ്രവർത്തനം പൂർത്തിയാക്കേണ്ടതാണ്.

5. ഇപ്പോൾ തന്നെ സജ്ജരായ കാർഷിക ഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവർക്ക് ലഭ്യതയനുസരിച്ച് വിത്തുൾപ്പെടെയുള്ള ഉല്പാദനോപാധികൾ ഉറപ്പുവരുത്തി എട്ടാം തീയതി തന്നെ സാധ്യതയുള്ള സ്ഥലങ്ങളിൽ കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

6. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കെല്ലാം പുറമെ ജില്ലാ മിഷനുകൾ അടിയന്തര പരിഗണന നൽകേണ്ട കാര്യം ഈ പ്രവർത്തനങ്ങളിലെല്ലാം തന്നെ വമ്പിച്ച പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനാണ്. സമൂഹത്തിലെ സാധാരണക്കാരോടൊപ്പം തന്നെ അതത് പ്രദേശങ്ങളിലെ കലാ, സാംസ്കാരിക, സാഹിത്യ, കായിക മേഖലകളിലെ പ്രശസ്തരെയും കർഷകർ, വ്യവസായികൾ, സേനാ വിഭാഗങ്ങളിൽ സേവനമനുഷ്ഠിച്ചവർ, പ്രമുഖ ഉദ്യോഗസ്ഥർ, മുൻ ജനപ്രതിനിധികൾ എന്നിങ്ങനെയുള്ള മാന്യവ്യക്തികളുടെ സജീവ സാന്നിധ്യം ഉറപ്പാക്കാൻ പ്രത്യേകമായ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ശ്രദ്ധേയമായ സാന്നിധ്യം ഉള്ള സ്ഥലങ്ങളിൽ അനുയോജ്യമായ മാധ്യമ പിന്തുണയും ഉറപ്പാക്കണം.

7. തെരഞ്ഞെടുപ്പ് സമയത്തു ചെയ്യുന്നതുപോലെ ഇത്തരത്തിലുള്ള പ്രാദേശിക പ്രവർത്തനങ്ങളുടെ ദൃശ്യ ചിത്രീകരണം നടത്തുകയും ആയത് ക്രോഡീകരിച്ച് ഹരിതകേരളം വെബ്സൈറ്റിലേക്ക് അപ് ലോഡ് ചെയ്യുകയും വേണം. ജില്ലാ കളക്ടറും ജില്ലാ ഇൻഫർമേഷൻ ഓഫീസറും ഇതിനുള്ള നടപടി

കൈക്കൊള്ളേണ്ടതാണ്.

8. എട്ടാം തീയതിയിലെ പരിപാടിയുടെ വിജയകരമായ നടത്തിപ്പും അർത്ഥവത്തായ ജനപങ്കാളിത്തവും ഉറപ്പാക്കാൻ 5, 6 തീയതികളിൽ വാർഡുതല സംഘാടനവും ഭരണസമിതിതല അവലോകനവും ജില്ലാതല നിരീക്ഷണവും ഉദ്യോഗസ്ഥ തലത്തിൽ ക്രോഡീകരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ഏഴാം തീയതിയിലെ മന്ത്രിസഭയുടെ പരിഗണനയ്ക്ക് കൊണ്ടുവരേണ്ടതാണ്.